## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1968**

**06.02.2019 ൽ മറുപടിക്ക്**

# സംസ്ഥാന പോലീസിൽ തീരസുരക്ഷയ്ക്കായി ഡിവിഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. എൽദോ എബ്രഹാം<br>ശ്രീ. വി.ആർ. സുനിൽകുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാന പോലീസിൽ തീരസുരക്ഷയ്ക്കായി ഒരു ഡിവിഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ;<br>ബി) തീരസുരക്ഷയുമായി ബന്ധപ്പെട്ടതും അനുബന്ധമായതുമായ ഏതൊക്കെ മേഖലകളിലായിരിക്കും പ്രസ്തുത ഡിവിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുകയെന്ന് വിശദമാക്കുമോ; | എ) യും ബി) യും ഇതിന്റെ പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെയും കോസ്റ്റൽ ഡിവിഷന്റെയും അതിർത്തി സംബന്ധിച്ചുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) തീരദേശത്ത് താമസിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവരെ തീരസുരക്ഷയ്ക്ക് നിയോഗിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | സി) 03.09.2018 തീയതിയിലെ സ.ഉ. (കൈ) നം.141/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം തീരദേശത്ത് താമസിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നും 200 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| ഡി) ഇത്തരത്തിൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | ഡി) ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

# കേരള പോലീസ് വകുപ്പ്

നം.എസ്4-42664/2018
പോലീസ് ആസ്ഥാനം
തിരുവനന്തപുരം
phq.pol@kerala.gov.in
തീയതി: 31/10/2018.

## കരാർ അടിസ്ഥാനത്തിൽ കോസ്റ്റൽ വാർഡൻ നിയമനം നടത്തുന്നതിനുള്ള റിക്രൂട്ട്മെന്റ് വ്യവസ്ഥകൾ

വായന:- സർക്കാർ ഉത്തരവ്(കയ്യെഴുത്ത്)നം.141/2018/ആഭ്യന്തരം തീയതി 03/09/2018.

കേരളത്തിലെ തീരപ്രദേശത്ത് താമസിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും പോലീസ് സേനയെ സഹായിക്കുന്നതിന് "കോസ്റ്റൽ വാർഡൻ"മാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു.

1. സെലക്ഷനും നിയമനവും - ജില്ലാ അടിസ്ഥാനത്തിൽ

2. ഒഴിവുകൾ

| ക്രമ നമ്പർ | ജില്ല | പോലീസ് സ്റ്റേഷൻ | പുരുഷൻമാർ | സ്ത്രീകൾ | ഒഴിവുകൾ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | വിഴിഞ്ഞം | 18 | 6 | 24 |
| 2 | കൊല്ലം | നീണ്ടകര | 16 | 6 | 22 |
| 3 | ആലപ്പുഴ | തോട്ടപ്പള്ളി | 8 | 3 | 22 |
| | | അർത്തുങ്കൽ | 8 | 3 | |
| 4 | എറണാകുളം | ഫോർട്ട് കൊച്ചി | 16 | 6 | 22 |
| 5 | തൃശ്ശൂർ | അഴീക്കോട് | 8 | 3 | 22 |
| | | മുനയ്ക്കകടവ് | 8 | 3 | |
| 6 | മലപ്പുറം | പൊന്നാനി | 16 | 6 | 22 |
| 7 | കോഴിക്കോട് | ബേപ്പൂർ | 16 | 6 | 22 |

| | | | | | |
|---|---|---|---|---|---|
| 8 | കണ്ണൂർ | അഴീക്കൽ | 8 | 3 | 22 |
| | | തലശ്ശേരി | 8 | 3 | |
| | | ബേക്കൽ | 6 | 2 | |
| 9 | കാസറഗോഡ് | തൃക്കരിപ്പൂർ | 5 | 2 | 22 |
| | | കുമ്പള | 5 | 2 | |
| | ആകെ | | 145 | 55 | 200 |

യോഗ്യരായ വനിത ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പുരുഷന്മാരെ ഈ ഒഴിവുകളിൽ നിയമിക്കുന്നതായിരിക്കും

3. പ്രായം: 2018 ജനുവരി 1-)o തീയതി 18 വയസ്സിനും 58 വയസ്സിനും മദ്ധ്യേ.(പ്രായം കുറഞ്ഞവർക്ക് മുൻഗണന ലഭിക്കുന്നതാണ്)

4. വിദ്യാഭ്യാസ യോഗ്യത

   - പത്താം ക്ലാസ്സ് അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായിരിക്കണം.(ഉയർന്ന വിദ്യാഭ്യാസ യോഗ്യതയ്ക്ക് വെയ്റ്റേജ് മാർക്ക് ഉണ്ടായിരിക്കുന്നതാണ്)

5. ശാരീരിക യോഗ്യത

   - ഉയരം: പുരുഷൻമാർ- 160 സെ.മീ., സ്ത്രീകൾ- 150 സെ.മീ.(കുറഞ്ഞത്)

6. കാഴ്ചശക്തിയെ സംബന്ധിച്ച് താഴെ സൂചിപ്പിച്ചിട്ടുള്ള തരത്തിൽ അംഗീകൃത നേത്രരോഗ വിദഗ്ധൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

| കാഴ്ച | വലത് കണ്ണിന് | ഇടത് കണ്ണിന് |
|---|---|---|
| ദൂരകാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

7. നിബന്ധനകൾ

എ. ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.

ബി. വർണാന്ധത(കളർ ബ്ലൈൻഡ്നെസ്), കോങ്കണ്ണ്(സ്ക്വിന്റ്) അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ മറ്റ് അനാരോഗ്യകരമായിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കും.

സി. മുട്ട് തട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കാലുകൾ കോമ്പല്ല്(മുൻപല്ല്), ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലും ഉള്ള കുറവുകൾ, മറ്റ് ശാരീരിക ന്യൂനതകൾ ഉള്ളവർ നിയമനത്തിന് യോഗ്യരല്ല

ഡി. കടലിൽ നീന്താനുള്ള കഴിവ് നിർബന്ധ യോഗ്യത.

ഇ. ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച ഫിഷർമെൻ സർട്ടിഫിക്കറ്റ്, 15 വർഷത്തെ നേറ്റിവിറ്റി(ഫിഷറീസ് വില്ലേജ്) സർട്ടിഫിക്കറ്റ്, റേഷൻകാർഡ്/ഇലക്ഷൻ ഐ.ഡി/ആധാർ കാർഡ് എന്നിവയുടെ പകർപ്പ് അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ടതാണ് ഈ സർട്ടിഫിക്കറ്റുകളുടെ അസ്സലും റേഷൻകാർഡ്/ഇലക്ഷൻ ഐ.ഡി/ആധാർ കാർഡ് എന്നിവയിലേതെങ്കിലും ഒന്നിന്റെയെങ്കിലും അസ്സലും ഹാജരാക്കാത്തവരെ റിക്രൂട്ട്മെന്റിൽ പങ്കെടുപ്പിക്കുന്നതല്ല.

എഫ്. ഒരു വ്യകതിയ്ക്ക് മാത്ര ജില്ലയിലേയ്ക്ക മാത്രമേ റിക്രൂട്ട്മെന്റിന് അപേക്ഷിക്കാൻ അർഹതയുള്ളു.

8. എ. താഴെപ്പറയുന്ന പ്രാഥമിക പരീക്ഷ നിർബന്ധമായും പാസ്സായിരിക്കണം.

| ക്രമ നമ്പർ | ഇനം | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|---|
| 1 | 300 മീ. ഫ്രീ സ്റ്റൈൽ നീന്തൽ | 8 മിനിറ്റ് | 10 മിനിറ്റ് |
| 2 | 50 മീ. നീന്തൽ ( നീന്തലറിയാത്ത ഒരു വ്യകതിയെ വഹിച്ചു കൊണ്ട്) | 3 മിനിറ്റ് | 4 മിനിറ്റ് |
| 3 | 4 കിലോ ഭാരം വഹിച്ചു കൊണ്ട് വെള്ളത്തിൽ പൊങ്ങി കിടക്കണം | 5മിനിറ്റ് | 3 മിനിറ്റ് |

ബി. ടെസ്റ്റ് 'എ' വിജയിക്കുന്നവർ താഴെപ്പറയുന്ന നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിൽ വൺ സ്റ്റാർ നിലവാരത്തിലുള്ള 7 എണ്ണത്തിൽ ഏതെങ്കിലും 5 എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| നമ്പർ | ഇനം | വൺസ്റ്റാർ നിലവാരം | |
|---|---|---|---|
| | | പുരുഷൻമാർ | സ്ത്രീകൾ |
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് | 17 സെക്കന്റ് |
| 2 | ഹൈജംപ് | 132 സെ.മീ | 106 സെ.മീ |
| 3 | ലോങ് ജംപ് | 457.20 സെ.മീ | 305 സെ.മീ |
| 4 | പുട്ടിംഗ് ദി ഷോട്ട് | 609.60 സെ.മീ (7264 ഗ്രാം) | 609.60. സെ.മീ (4000 ഗ്രാം) |

| | | | |
|---|---|---|---|
| 5 | ക്രിക്കറ്റ് ബോൾ ത്രോ | 6096 സെ.മീ | 1400. സെ.മീ |
| 6 | റോപ്പ് ക്ലൈംബിംഗ് | 365.80 സെ.മീ | 300 സെ.മീ |
| 7 | പുൾ അപ്പ് & ചിന്നിംഗ് | 8 തവണ | 5 തവണ |

9. സംസ്ഥാന പോലീസ് മേധാവി നിയോഗിക്കുന്ന പ്രസ്തുത സെലക്ഷൻ കമ്മറ്റി, സെലക്ഷൻ ട്രയൽസ് നടത്തി അർഹരെന്ന് കാണുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും മെഡിക്കൽടെസ്റ്റ് കൂടി പാസ്സാകുന്നതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതാണ്. അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും ജീവൻരക്ഷാ/ദുരന്തനിവാരണ പ്രവർത്തനം എന്നിവയടക്കമുള്ള 4 മാസത്തെ നിർബന്ധ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവരെ ബന്ധപ്പെട്ട തീരദേശ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡൻമാരായി ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ 18,900/- രൂപ പ്രതിമാസ വേതനത്തിൽ നിയമിക്കുന്നതാണ്. ഇവരെ സേനയ്ക്ക് സഹായകരമാകും വിധം വിന്യസിക്കുന്നതാണ്.

10.

എ. തെരഞ്ഞെടുക്കപ്പെടുന്നവർ 5,000/- രൂപയുടെ ബോണ്ട് വെയ്ക്കേണ്ടതാണ്.

ബി. പരിശീലനകാലയളവിൽ പ്രസ്തുത പ്രതിമാസ വേതനം ലഭിക്കുന്നതാണ്.

സി. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക യൂണിഫോം ഉണ്ടായിരിക്കുന്നതാണ്.

ഡി. കരാർ നിയമനത്തിനു തിരഞ്ഞെടുക്കപ്പെട്ടവർ സേനയുടെ പ്രവർത്തനത്തിന് സഹായകരമല്ലാതാകുകയോ, ക്രിമിനൽ പ്രവർത്തനങ്ങളിൽ ഉൾപ്പെടുകയോ, പൊതു സുരക്ഷക്കെതിരായ ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാലോ നിയമനം നിരുപാധികം റദ്ദാക്കുന്നതാണ്.

വിജ്ഞാപനം എല്ലാ പ്രമുഖ മലയാള ദിനപത്രങ്ങളിലും, അപേക്ഷ ഫോറം കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapolice.gov.in-നിലും ലഭ്യമാണ്.

➢ **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 15/11/2018.**

**<u>തെരഞ്ഞെടുപ്പ് സമയക്രമ പട്ടിക</u>**

| ജില്ലകൾ | തെരഞ്ഞെടുപ്പ് നടക്കുന്ന സ്ഥലം | തീയതി |
|---|---|---|
| തിരുവനന്തപുരം, കൊല്ലം | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | 24-11-2018 രാവിലെ 07.00 മണി |
| ആലപ്പുഴ, എറണാകുളം, തൃശ്ശൂർ | രാജീവ് ഗാന്ധി ഇന്റർനാഷണൽ സ്റ്റേഡിയം, കലൂർ, എറണാകുളം | 28-11-2018 രാവിലെ 07.00 മണി |

| | | |
|---|---|---|
| മലപ്പുറം, കോഴിക്കോട് | ഡി എച്ച് ക്യു എ ആർ ക്യാമ്പ്<br>കോഴിക്കോട് സിറ്റി | 01-12-2018<br>രാവിലെ 07.00 മണി |
| കണ്ണൂർ, കാസറഗോഡ് | കെ.എ.പി IV ബറ്റാലിയൻ<br>മങ്ങാട്ടുപറമ്പ് കണ്ണൂർ | 05-12-2018<br>രാവിലെ 07.00 മണി |

പൂരിപ്പിച്ച അപേക്ഷ ഫോറവും താഴെപ്പറയുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അതാത് ജില്ലാ പോലീസ് മേധാവിമാർക്ക് 15/11/2018 തീയതി വൈകുന്നേരം 5.00 മണിക്ക് മുമ്പായി നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്.

1. പ്രായം.
2. വിദ്യാഭ്യാസ യോഗ്യത. (എസ്.എസ്.എൽ.സി, പ്ലസ്ടു, ബിരുദം, ബിരുദാനന്തര ബിരുദം, മറ്റുള്ളവ)
3. ഫിഷർമെൻ സർട്ടിഫിക്കറ്റ്.
4. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
5. റേഷൻകാർഡ്.
6. സ്വഭാവ സർട്ടിഫിക്കറ്റ്.
7. ഇലക്ഷൻ ഐ.ഡി/ആധാർ കാർഡ്/പാസ്സ്പോർട്ട്

അപേക്ഷകർ അതാത് ജില്ലാ കേന്ദ്രങ്ങളിൽ മേൽ സൂചിപ്പിച്ച ദിവസത്തിൽ രാവിലെ 07.00 മണിക്ക് പ്രസ്തുത രേഖകളുടെ അസ്സലുകൾ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

സംസ്ഥാന പോലീസ് മേധാവി,
കേരളം

സെക്ഷൻ ഓഫീസർ